(സി) അതിർത്തി നിർണ്ണയം എപ്പോഴൊക്കെ ആകാം എന്നതിൽ തീരുമാനമെടുക്കുന്നതിന് അധികാരം നൽകുക. ഇത്തരത്തിൽ കഴിഞ്ഞ ഫെബ്രുവരി 17-ാം തീയതി എഴുതിയ കത്തിന് മറുപടി പ്രതീക്ഷിക്കുകയാണ്.

(3) സർക്കാർ സർവ്വീസിൽ കായിക താരങ്ങളെ നിയമിക്കുന്ന പദ്ധതിയനുസരിച്ചുള്ള നിയമനങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : സർ, സംസ്ഥാന സർക്കാർ സർവ്വീസിൽ വർഷംതോറും ഇരുപതു കായിക താരങ്ങളെ നിയമിക്കുന്ന പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിറുത്തി വച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പുനരാരംഭിക്കാനും 1991 മുതൽ 1996 വരെ നിയമനം നിർത്തിവച്ചിരുന്ന കാലയളവിൽ നിയമനം ലഭിക്കേണ്ട നൂറു കായിക താരങ്ങളെ നിയമിക്കാനും തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് 25-11-1998-ൽ അപേക്ഷ ക്ഷണിക്കുകയും ചെയ്തു. ഒരു വർഷത്തിലേറെ കഴിഞ്ഞിട്ടും നിയമനനടപടികൾ പൂർത്തിയായിട്ടില്ല. ഈ നിയമനത്തെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി. തീർപ്പായിട്ടുണ്ടെന്നാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ നിയമന നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കണം. 1996-1997 മുതലുള്ള വർഷങ്ങളിലും പദ്ധതി നിയമനം തുടരേണ്ടതാണ്. അതിനുവേണ്ടിയുള്ള നടപടിയും ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. ഇലക്ട്രിസിറ്റിബോർഡ്, കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും പോലീസ് ഡിപ്പാർട്ടുമെന്റിലും മറ്റും കായികതാരങ്ങളെ നിയമിക്കുന്ന പദ്ധതിയും കാര്യക്ഷമമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, മികച്ച കായിക താരങ്ങളെ സംസ്ഥാന സർവ്വീസിൽ ക്ലാസ്സ്-2, ക്ലാസ്സ്-3, ക്ലാസ്സ്-4 എന്നീ വിഭാഗങ്ങളിലായി ഒരു കലണ്ടർ വർഷത്തിൽ 20 പേർക്ക് നിയമനം നൽകുന്ന പദ്ധതി നിലവിലുണ്ട് 1992 മുതൽ 1996 വരെയുള്ള 100 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് കായിക താരങ്ങളിൽനിന്നും 25-11-1998-ൽ സർക്കാർ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിക്കുകയും അതുപ്രകാരം ലഭിച്ച 1400 അപേക്ഷകളുടെ പരിശോധന പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. 25-11-1998 ലെ വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് മൂന്നുകേസുകൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. അതിൽ ഒരെണ്ണം തീർപ്പായിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയുടെ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1996 വരെയുള്ള ഒഴിവുകളിലേക്ക് നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് 1997 മുതലുള്ള ഒഴിവുകളിലേക്ക് നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ഓട്ടോറിക്ഷാ ഡ്രൈവറായ ജാഫറിന്റെ മരണം

ശ്രീമതി എൻ. കെ. രാധ : സർ, പേരാമ്പ്ര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചേനോളി അംശം വാളൂർ ദേശത്ത് അബൂബക്കർ മുസലിയാരുടെ മകനും ഓട്ടോറിക്ഷാ ഡ്രൈവറുമായ ജാഫറിനെ 18-6-1999 രാത്രി

LIBRARY ARCHIVES Kerala Legislative Assembly

പത്തു മണിക്കുശേഷം കാണാതാവുകയും പിന്നീട് 22-6-1999-ന് രാവിലെ ഒമ്പതു മണിക്ക് പടിഞ്ഞാറെ പറമ്പിൽ എന്നുപറയുന്ന സ്ഥലത്തുള്ള ഒരു കിണറ്റിൽ അദ്ദേഹത്തിന്റെ ജഡം കാണുകയും ജഡം പുറത്തെടുക്കുന്ന സന്ദർഭത്തിൽ ആ ജഡത്തിന് നാലു ദിവസത്തെ പഴക്കമുണ്ടെന്ന് കാണുകയും ചെയ്തു. ജാഫറിന്റെ മരണത്തിൽ ദുരൂഹത നിലനിൽക്കുകയാണ്. ആത്മഹത്യ ചെയ്യാൻ യാതൊരു സാഹചര്യവുമില്ലെന്ന് കുടുംബാംഗങ്ങൾ പറയുന്നു. അതുകൊണ്ട് സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കോഴിക്കോട് നൊച്ചോട് ജാഫറിനെ 1999 ജൂൺ 18-ാം തിയതി മുതൽ കാണാനില്ലെന്നു ജൂൺ 20-ാം തീയതിയിലെ പരാതിയിന്മേൽ പേരാംപ്ര പോലീസ് സ്റ്റേഷനിൽ ക്രൈം 146/99-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ മുളിയങ്ങൽ കായെണ്ണ റോഡിന്റെ തെക്കുവശത്തുള്ള ഉപയോഗശൂന്യമായ കിണറ്റിൽ ജൂൺ 22-നു ജാഫറിന്റെ മൃതദേഹം കാണപ്പെട്ടു. രാസ പരിശോധനാ ഫലം ലഭിച്ചാൽ മാത്രമേ മരണ കാരണം വ്യക്തമാകൂ എന്ന് പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർ അഭിപ്രായപ്പെട്ടു. രാസ പരിശോധനാ റിപ്പോർട്ട് കൈപ്പറ്റി അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ആൾ കേരള ടൈപ്പിസ്റ്റ് ആന്റ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷന്റെ ആവശ്യങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഹയർ ഗ്രേഡ് ഫെയർ കോപ്പി സൂപ്രണ്ടിന് ഓഫീസ് സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരുടെ ശമ്പള സ്കെയിൽ അനുവദിക്കുക, ഫെയർ കോപ്പി സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് പാരിറ്റി നിലനിറുത്തുക സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനും അതിന്റെ തൊട്ടടുത്ത പോസ്റ്റായ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിനും ഒരേ അടിസ്ഥാന ശമ്പളം മാത്രം നിശ്ചയിച്ച സ്ഥിതി മാറ്റുക, അതുപോലെ സ്പെഷ്യൽ പേ, സ്പെഷ്യൽ അലവൻസായി മാറ്റിയതു കാരണം സി.എ. മാർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുക സ്റ്റാഗ്നേഷൻ അവസാനിപ്പിക്കുക പാരിറ്റി നിലനിറുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ കേരള ടൈപ്പിസ്റ്റ് ആന്റ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷൻ അനിശ്ചിത കാലത്തേയ്ക്ക് സമരം നടത്തുകയാണ്. അവരെ വിളിച്ച് ചർച്ച ചെയ്ത് ഇക്കാര്യങ്ങൾക്ക് ഒരു പരിഹാരം കാണണമെന്ന് ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 5-ാം ശമ്പള പരിഷ്ക്കരണ കമ്മിറ്റി സംസ്ഥാന സർവ്വീസിൽ കോമൺ കാറ്റഗറിയിൽപ്പെടുന്ന ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫേഴ്സ് വിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചത് സർക്കാർ അംഗീകരിക്കുകയും സർക്കാർ തലത്തിൽ വിശദമായിട്ടുള്ള ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം

LIBRARY ARCHIVES Kerala Legislative Assembly